
കവർസ്റ്റോറി ●
കെ.ടി ഹുസൈൻ



# മൗദൂദി/ജമാഅത്ത്‌വേട്ട പരിധി വിടുമ്പോൾ

ഒരു മതമെന്നതിലുപരി സാമൂഹിക വിമർശനത്തിന്റെ സാമഗ്രിയും സാമൂഹിക മാറ്റത്തിന്റെ ചാലകശക്തിയുമാണ് എന്നതാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ പ്രത്യേകത. ദൈവദത്തമായ ഇതര മതങ്ങളുടെ ഉള്ളടക്കത്തിലും തീർച്ചയായും ഈ പ്രത്യേകതകളുണ്ടായിരുന്നു. അതുകൊണ്ട് തന്നെ സാമൂഹിക മാറ്റത്തിന്റെ രാസത്വരകമായ ഒരു ചരിത്രഘട്ടം എല്ലാ മതങ്ങൾക്കുമുണ്ടായിട്ടുണ്ട്. എന്നാൽ കാലക്രമേണ മതത്തിലെ ഈ സാമൂഹിക ഉള്ളടക്കത്തെ ചൂഷണത്തിനും പ്രതിലോമ താൽപര്യങ്ങൾക്കും വേണ്ടി അതിന്റെ ആചാര്യന്മാരായി അറിയപ്പെടുന്നവർ തന്നെ ദുരുപയോഗപ്പെടുത്തിയപ്പോഴാണ് മതത്തിനെതിരെ ശക്തമായ കലാപവുമായി കൊളോണിയൽ ആധുനികത കടന്നുവന്നത്. അതിന്റെ അപ്രതിഹതമായ ആക്രമണത്തിന് മുമ്പിൽ പിടിച്ചുനിൽക്കാനാകാതെ മറ്റെല്ലാ മതങ്ങളും സാമൂഹികത കൈയൊഴിച്ച് വൈയക്തികമായ വ്യവഹാരങ്ങളിലേക്ക് ഉൾവലിഞ്ഞപ്പോൾ ഇസ്‌ലാമിന് മാത്രമാണ് ആധുനികതയെ പ്രതിരോധിച്ച് അതിന്റെ സാമൂഹികതയെ നിലനിർത്താനായത്. ഭാവാത്മകമായാലും നിഷേധാത്മകമായാലും സാമൂഹിക, സാംസ്കാരിക ചർച്ചകളിലെല്ലാം ഇസ് ലാം സജീവമാകുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഇസ്‌ലാമിനോട് ആത്മാർഥമായ സ്നേഹവും അതിന്റെ സാമൂഹിക ഉള്ളടക്കത്തിൽ സുദൃഢമായ വിശ്വാസവുമുണ്ടായിരുന്ന മഹാപണ്ഡിതന്മാർ വരെ ആധുനികതയുടെ ആക്രമണത്തിന് മുമ്പിൽ പതറിപ്പോയ സവിശേഷ ചരിത്രഘട്ടത്തിൽ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രതിരോധപ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിന്റെ സാമൂഹിക ഉള്ളടക്കം കടലെടുത്തു പോകാതെ പിടിച്ചുനിർത്തിയതിൽ മറ്റാരേക്കാളും പ്രധാന പങ്കുവഹിച്ചത്, കഴിഞ്ഞ നൂറ്റാണ്ടിലെ ഇസ്‌ലാമിക

വിമർശനം വസ്തുനിഷ്ഠവും ആരോഗ്യപരവുമാണെങ്കിൽ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും പൊതുമണ്ഡലത്തിൽ വിമർശിക്കപ്പെടുന്നതിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സന്തോഷമേയുള്ളൂ. കാരണം ജമാഅത്തെ ഇസ്‌ലാമി പ്രതിനിധാനം ചെയ്യുന്ന ഇസ്‌ലാം മതമണ്ഡലത്തെക്കാൾ പൊതുമണ്ഡലത്തിൽ ചർച്ച ചെയ്യപ്പെടുന്നതിലാണ് അതിന് താൽപര്യം. മാത്രമല്ല വിമർശനത്തെ ഒട്ടും ഭയക്കാതിരിക്കാൻ ശിക്ഷണം കിട്ടിയ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. കാരണം സ്വന്തം വ്യക്തിത്വത്തെയും തന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ നയനിലപാടുകളെയും സ്വന്തം അനുയായികൾക്ക് മുമ്പിൽ പോലും വിമർശനത്തിനായി തുറന്നുവെച്ച അസാധാരണ വ്യക്തിത്വത്തിനുടമയായിരുന്നു മൗദൂദി.

**ഇസ്‌ലാമിനോട് ആത്മാർഥമായ സ്നേഹവും അതിന്റെ സാമൂഹിക ഉള്ളടക്കത്തിൽ സുദൃഢമായ വിശ്വാസവുമുണ്ടായിരുന്ന മഹാപണ്ഡിതന്മാർ വരെ ആധുനികതയുടെ ആക്രമണത്തിന് മുമ്പിൽ പതറിപ്പോയ സവിശേഷ ചരിത്രഘട്ടത്തിൽ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രതിരോധപ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിന്റെ സാമൂഹിക ഉള്ളടക്കം കടലെടുത്തു പോകാതെ പിടിച്ചുനിർത്തിയതിൽ മറ്റാരേക്കാളും പ്രധാന പങ്കുവഹിച്ചത്, കഴിഞ്ഞ നൂറ്റാണ്ടിലെ ഇസ്‌ലാമിക ചിന്തകരിൽ പ്രധാനിയായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയും അദ്ദേഹം രൂപം നൽകിയ ജമാഅത്തെ ഇസ്‌ലാമിയുമാണ്.**

ചിന്തകരിൽ പ്രധാനിയായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയും അദ്ദേഹം രൂപം നൽകിയ ജമാഅത്തെ ഇസ്‌ലാമിയുമാണ്.

ഇസ്‌ലാമിനെ അടക്കം സകല മതങ്ങളെയും കൊളോണിയൽ ആധുനികത ഖബ്റടക്കിയെന്നഹങ്കരിച്ചിരുന്ന ആധുനികതയുടെ അന്ധരായ ഭക്തന്മാരെ സംബന്ധിച്ചേടത്തോളം ഇസ്‌ലാമിന്റെ ഈ അതിജീവനം സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. അതിനാൽ ഇസ്‌ലാമിനെ നേരിട്ട് ആക്രമിക്കുന്നതിനു പകരം, സാമൂഹിക മാറ്റത്തിന്റെ രാസത്വരകവും സാമൂഹിക വിമർശനത്തിന്റെ സാമഗ്രിയുമായ ഇസ്‌ലാമിന്റെ സാമൂഹിക ഉള്ളടക്കത്തെയും ജ്ഞാന പദ്ധതികളെയും തെളിമയോടെ അവതരിപ്പിച്ച മൗദൂദിയെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും വേട്ടയാടുക എന്ന തന്ത്രമാണ് അവർ സ്വീകരിച്ചത്. സക്രിയമായ സാമൂഹിക ഇടപെടലുകളിലൂടെയും സേവന പ്രവർത്തനങ്ങളിലൂടെയും ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പോഷകസംഘടനകളും മതജാതിഭേദമന്യേ സമൂഹത്തിൽ ആർജിച്ചെടുത്ത അംഗീകാരം ഈ വിഭാഗത്തെ ഒരുതരം മനോവിഭ്രാന്തിക്കടിപ്പെടുത്തിയിരിക്കുകയാണ്. ഈ മനോവിഭ്രാന്തി ഉന്മാദമായി തീർന്നതിന്റെ ലക്ഷണമാണ് മലയാളത്തിലെ പൊതുഭാഷാപത്രങ്ങളിൽ ഇടക്കിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന മൗദൂദി വേട്ടകൾ.

വിമർശനം വസ്തുനിഷ്ഠവും ആരോഗ്യപരവുമാണെങ്കിൽ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും പൊതുമണ്ഡലത്തിൽ വിമർശിക്കപ്പെടുന്നതിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സന്തോഷമേയുള്ളൂ. കാരണം ജമാഅത്തെ ഇസ്‌ലാമി പ്രതിനിധാനം ചെയ്യുന്ന ഇസ്‌ലാം മതമണ്ഡലത്തെക്കാൾ പൊതുമണ്ഡലത്തിൽ ചർച്ചചെയ്യപ്പെടുന്നതിലാണ് അതിന് താൽപര്യം. മാത്രമല്ല വിമർശനത്തെ ഒട്ടും ഭയക്കാതിരിക്കാൻ ശിക്ഷണം കിട്ടിയ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. കാരണം സ്വന്തം വ്യക്തിത്വത്തെയും തന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ നയനിലപാടുകളെയും സ്വന്തം അനുയായികൾക്ക് മുമ്പിൽ പോലും വിമർശനത്തിനായി തുറന്നുവെച്ച അസാധാരണ വ്യക്തിത്വത്തിനുടമയായിരുന്നു മൗദൂദി. ഇസ്‌ലാമിക നവോത്ഥാന ചരിത്രത്തിലെ തന്റെ മുൻഗാമികളിൽ പലരുടെയും കാര്യത്തിൽ സംഭവിച്ചതു പോലെ അനുയായികളാൽ ആരാധിക്കപ്പെടുന്നത് മൗദൂദി വല്ലാതെ ഭയപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ വിഭജനാനന്തര പുനഃസംഘടനക്ക് ശേഷം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മൗദൂദിയുടെ വൈജ്ഞാനിക സംഭാവനകളെ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലും പാർട്ടിയുടെ നയരൂപീകരണത്തിന്റെ ഒരു ഘട്ടത്തിലും അദ്ദേഹത്തിന് ഒരു പങ്കുമുണ്ടായിട്ടില്ല. അനൗപചാരികമായി പോലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്കെന്തെങ്കിലും സ്വാധീനം ചെലുത്താൻ മൗദൂദി താൽപര്യപ്പെടുകയുമുണ്ടായില്ല.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയാകട്ടെ കാലികമായി അപ്പപ്പോളെടുക്കുന്ന സൈദ്ധാന്തികവും പ്രായോഗികവുമായ നയനിലപാടുകളെ നിരന്തരം സ്വയം വിമർശനത്തിന് വിധേയമാക്കി, തിരുത്തേണ്ടത് ആർജവത്തോടെ തിരുത്തിയും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ വ്യക്തത വരുത്തിയുമാണ് മുന്നോട്ട് പോയിട്ടുള്ളത്. സ്വയം വിമർശനത്തിന് ജമാഅത്തെ ഇസ്‌ലാമിയുടെ പുറത്തുള്ളവരുടെ സൃഷ്ടിപരമായ വിമർശനം പ്രയോജനപ്പെടുത്തുന്നതിലും പാർട്ടി അമാന്തം കാണിച്ചിട്ടില്ല. ജമാഅത്തെ ഇസ്‌ലാമി വിമർശനത്തെ ഭയപ്പെടുന്നില്ലെന്ന് വ്യക്തമാക്കാനാണ് ഇത്രയും സൂചിപ്പിച്ചത്.

പക്ഷേ, ഇന്ന് മതമേഖലയിൽ പൊതുവിലും മതേതര മേഖലയിൽ വിശേഷിച്ചും നടക്കുന്ന മൗദൂദി-ജമാഅത്ത് വിമർശനങ്ങളുടെ ഒരു പ്രധാന പ്രശ്നം, മൗദൂദിയുടെ വൈജ്ഞാനിക സംഭാവനകളെ പ്രാഥമികമായി പോലും പഠിക്കാതെയും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളെ ഒട്ടും മുഖവിലക്കെടുക്കാതെയുമുള്ള കേവലം വിദ്വേഷപ്രചാരണം മാത്രമാണെന്നുള്ളതാണ്. അടുത്തകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട, മൗദൂദിയെ ഗോൾവാൾക്കറുമായി സമീകരിക്കുന്ന സീതാറാം യെച്ചൂരിയുടെ വിമർശനം പോലും, മൗദൂദിയുടെ ഒറ്റവരിപോലും വായിക്കാതെ അദ്ദേഹത്തിന്റെ കടുത്ത ഒരു വിമർശകനായ ഇസെഡ് എ നിസാമിയെ ഉപജീവിച്ചാണ് തയാറാക്കിയത്. ഇതിന് നേർവിപരീതമായി യെച്ചൂരി ഗോൾവാൾക്കറെ വിമർശിക്കുന്നതാകട്ടെ അദ്ദേഹം രചിച്ച *വിചാരധാര*, *നാമും നമ്മുടെ ദേശീയതയും നിർവചിക്കപ്പെടുന്നു* എന്നീ ഗ്രന്ഥങ്ങൾ അവലംബമാക്കിയും. ഗോൾവാൾക്കറോട് കാണിച്ച നീതിപോലും മൗദൂദിയോട് സീതാറാം യച്ചൂരി കാണിച്ചില്ല. മൗദൂദി-ജമാഅത്ത് വിമർശനത്തിലെ ഈ സത്യസന്ധതയില്ലായ്മയാണ് അവയെ സർഗാത്മക വിമർശനത്തിന് പകരം അന്ധമായ വേട്ടയായി അധഃപതിപ്പിക്കുന്നത്. ഈ വേട്ടയിലെ ഏറ്റവും ഒടുവിലത്തെ എപ്പിസോഡാണ് 'കേരള ശബ്ദം' (2008 ആഗസ്റ്റ് 10) വാരികയിലെ എം.ആർ അജയൻ എഴുതിയ 'ജമാഅത്തെ ഇസ്‌ലാമിക്കെതിരെ മുസ്‌ലിം സംഘടനകൾ' എന്ന ലേഖനം. ആഗോള തീവ്രവാദത്തിന്റെ താത്ത്വികാചാര്യനാണ് മൗദൂദി, മതേതരത്വത്തെയും ദേശീയതയെയും ജനാധിപത്യത്തെയും മൗദൂദി വിമർശനവിധേയമാക്കി, ജമാഅത്ത്-സിമി ബന്ധം തുടങ്ങിയ പതിവ് വിമർശനങ്ങൾക്കു പുറമെ, ജമാഅത്തെ ഇസ്‌ലാമി പാകിസ്താനിലേക്ക് തീവ്രവാദികളെ റിക്രൂട്ട് ചെയ്യുന്നു, ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്നവരെ ദൈവം നരകത്തിൽ നിന്ന് രക്ഷിക്കുമെന്ന് മൗദൂദി പറഞ്ഞിട്ടുണ്ട് തുടങ്ങിയ രണ്ട് 'കിടിലൻ' നമ്പറുകൾ കൂടിയുണ്ട് ലേഖനത്തിൽ. ജമാഅത്തിന് നേരെ ഉന്നയിക്കുന്ന ഗുരുതരമായ ഇത്തരം ആരോപണങ്ങൾക്കെതിരെ സംഘടന നിയമനടപടികൾ സ്വീകരിച്ചാൽ കേസിൽ പെടുമെന്ന ഭയം കൊണ്ടാവണം, താൻ വമിക്കുന്ന വിഷവാതകങ്ങളുടെയെല്ലാം പേറ്റന്റ്, പേരു പോലും പറയാത്ത ഏതോ മുസ്‌ലിം സംഘടനകളുടെ വായിൽ തിരുകിക്കയറ്റിയിരിക്കുകയാണ് ലേഖകൻ. *ഖത്മുന്നുബുവ്വത്ത്* എന്ന പേരിൽ ഉർദുവിലും *Finality of Prophethood* എന്ന പേരിൽ ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെട്ട ലഘുകൃതിയിൽ ഉദ്ധരിക്കപ്പെട്ട ഒരു നബിവചനം മൗദൂദിയുടെ പ്രസ്താവനയായി ആരോപിച്ചാണ്, ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്നവരെ ദൈവം നരക

ത്തിൽനിന്ന് രക്ഷിക്കുമെന്ന് മൗദൂദി പറഞ്ഞതായി ലേഖകൻ തട്ടിവിടുന്നത്.

'പ്രവാചകത്വ പരിസമാപ്തി' എന്ന് ഭാഷാന്തരം ചെയ്യാവുന്ന *ഖത്മുന്നുബുവ്വത്ത്* എന്ന കൃതി ഒരു പ്രത്യേക പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ്. അഹ്മദിയാക്കളെന്നോ, ഖാദിയാനികളെന്നോ വിളിക്കപ്പെടുന്ന വിഭാഗം വേറിട്ടൊരു മത വിഭാഗമാണ്. മുഹമ്മദ് നബിയോടെ പ്രവാചകത്വ പരമ്പര അവസാനിച്ചു എന്ന ഇസ്‌ലാമിലെ അടിസ്ഥാന നിലപാടിനെ ചോദ്യംചെയ്തുകൊണ്ട് സ്വയം പ്രവാചകത്വം വാദിച്ച മിർസാഗുലാമിന്റെ അനുയായികളായതുകൊണ്ടാണ് അഹ്മദികളെ മുസ്‌ലിം ലോകം പൊതുവെ അമുസ്‌ലിംകളായി ഗണിക്കുന്നത്. മിർസാഗുലാമിന്റെ പ്രവാചകത്വവാദത്തിന്റെ പൊള്ളത്തരം തുറന്നുകാണിക്കാനും മുഹമ്മദ് നബിയിലൂടെയുള്ള പ്രവാചകത്വ പരിസമാപ്തി സ്ഥാപിച്ചുറപ്പിക്കാനും വേണ്ടി മൗദൂദിയെഴുതിയ രചനയാണ് *ഖത്മുന്നുബുവ്വത്ത്*. മിർസാഗുലാം തന്റെ പ്രവാചകത്വം സ്ഥാപിക്കുന്നതിനായി ഈസാനബിയുടെ പുനരാഗമനത്തെക്കുറിച്ചുള്ള പ്രവാചക പ്രവചനങ്ങളെ ദുരുപയോഗപ്പെടുത്തിയിരുന്നു. ഹദീസുകളിൽ പ്രവചിക്കപ്പെട്ട വാഗ്ദത്ത മസീഹ് താനാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഈ വാദം പൊളിക്കുന്നതിനായി ഈസാനബിയുടെ പുനരാഗമനം പ്രവചിക്കുന്ന, വ്യത്യസ്ത നിവേദകർ ഉദ്ധരിച്ച, ഇരുപത്തൊന്ന് പ്രവാചക വചനങ്ങൾ മൗദൂദി തന്റെ കൃതിയിൽ ഉദ്ധരിച്ചിരുന്നു. അവയിൽ പരാമർശിക്കപ്പെട്ട മസീഹ് ഒരിക്കലും മീർസാഗുലാമിനെപ്പോലെ പുതിയ പ്രവാചകത്വവാദിയല്ലെന്നും, മറിച്ച് അന്ത്യനാളിന്റെ ലക്ഷണങ്ങളിലൊന്നായി പ്രത്യക്ഷപ്പെടുന്ന മഹാ അക്രമകാരിയായ ദജ്ജാലിനെ വകവരുത്താനായി പുനരാഗമനം നടത്തുന്ന മർയമിന്റെ പുത്രൻ ഈസയാണെന്നുമാണ് മൗദൂദി അതിലൂടെ സമർഥിക്കുന്നത്. ഈ ഇരുപത്തിയൊന്ന് നബിവചനങ്ങളിലൊന്നാണ് ആദ്യ ഭാഗത്തിന്റെ അർഥം ശരിയായും, രണ്ടാം ഭാഗത്തിന്റെ അർഥം തെറ്റായും പരിഭാഷപ്പെടുത്തി മൗദൂദിയുടെ വായിൽ തിരുകിയിട്ടുള്ളത്. മൗദൂദി പറഞ്ഞതാണെന്ന് ബോധപൂർവം തെറ്റിദ്ധരിപ്പിക്കാനായി, പ്രത്യക്ഷത്തിൽ തന്നെ പ്രവാചക വചനമാണെന്ന് വ്യക്തമാക്കുന്ന ആദ്യഭാഗം ലേഖകൻ മനഃപൂർവം ഒഴിവാക്കിയിരിക്കുന്നു. Finality of Prophethood എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ച ഹദീസിന്റെ പൂർണ രൂപം ഇങ്ങനെ: It is reported by Thauban, the freed slave of the holy prophet that the holy prophet (pbuh) observed: " God will grant protection from hel-fire to two groups from among the people of my Ummah. One group consist of those who will invade India, the other group will consist of those who will align themselves with Christ, son of Mary (pbuh)" (Nasai, Kitabul Jihad, Musnad Ahmed bisilsila rivayath Tauban). ഇതിൽ പ്രവാചകൻ പറഞ്ഞതായി അദ്ദേഹത്തിന്റെ വിമുക്ത അടിമ സൗബാൻ റിപ്പോർട്ട് ചെയ്തു എന്ന ഹദീസിന്റെ തുടക്കമാണ് ലേഖകൻ മനഃപൂർവം വിട്ടുകളഞ്ഞത്. അതോടെ വക്താവ് മൗദൂദിയാണെന്നു വരുന്നു. അതുതന്നെയാണ് ലേഖകന്റെ ഉദ്ദേശ്യവും. ഒരുവിഭാഗം മർയമിന്റെ പുത്രൻ ഈസയോടൊപ്പം യുദ്ധം ചെയ്യുന്നവരായിരിക്കും എന്ന ഹദീസിന്റെ രണ്ടാം ഭാഗമാകട്ടെ ലേഖകൻ ക്രൈസ്റ്റിനെതിരെ യുദ്ധം ചെയ്യുമെന്നാക്കുകയും ചെയ്തു. പ്രവാചക വചനത്തെ മൗദൂദിയുടെ വായിൽ തിരുകിക്കയറ്റിയതും ക്രിസ്തുവിനോടൊപ്പം യുദ്ധം ചെയ്യുമെന്നതിനെ ക്രൈസ്റ്റിനെതിരെ യുദ്ധം ചെയ്യുമെന്ന് തെറ്റായ പരിഭാഷ നൽകിയതും ഒരേസമയം ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും മൗദൂദിക്കെതിരെ തിരിച്ചുവിടുന്നതിനാണെന്ന് വ്യക്തം. യഥാർഥത്തിൽ പ്രസ്തുത ഹദീസ് മൗദൂദി ഉദ്ധരിച്ചത് തന്നെ ദജ്ജാലിനെ നിഗ്രഹിക്കുന്നതിനായി യേശുക്രിസ്തു ഇറങ്ങിവരുമ്പോൾ മുസ്‌ലിംകൾ അദ്ദേഹത്തോടൊപ്പമായിരിക്കുമെന്ന് വ്യക്തമാക്കാനാണ്. അതിനായി നബിവചനമുദ്ധരിച്ചപ്പോൾ അത് മുഴുവനായി കൊടുത്തുവെന്നല്ലാതെ, ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്നവരെന്ന ഹദീസിലെ പരാമർശത്തെക്കുറിച്ച് മൗദൂദി യാതൊരഭിപ്രായപ്രകടനവും നടത്തിയിട്ടില്ല. അറബിമൂലത്തിലെ 'തഗ്സുൽ ഹിന്ദ്' (ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്ന) എന്നതുകൊണ്ട് പ്രവാചകനെന്താണുദ്ദേശിച്ചതെന്നോ അതിലെ 'ഹിന്ദ്' ഇന്നത്തെ ഇന്ത്യ തന്നെയാണോ എന്നതിനെക്കുറിച്ചൊന്നും ഈ പ്രവാചകവചനത്തിൽ വിശദീകരണമില്ല. ഇന്നത്തെ ഇന്ത്യ ഏതായാലും അന്നുണ്ടായിരുന്നില്ല. ഈസാനബിയുടെ പുനരാഗമനത്തെക്കുറിച്ചു പോലും വ്യക്തമായ ചിത്രം ഹദീസുകളിൽ നിന്ന് ലഭിക്കുന്നില്ല. അവയെ ഇന്നത്തെ മുസ്‌ലിംകളോട് ആർക്കെതിരെയെങ്കിലുമുള്ള യുദ്ധാഹ്വാനമായി സാമാന്യബോധമുള്ളവർ മനസ്സിലാക്കുകയുമില്ല. അതിനെ പരസ്പര വിദ്വേഷം ഇളക്കിവിടാനുള്ള ഉപകരണമാക്കി മാറ്റുന്നതാകട്ടെ മനസ്സിലെ മാലിന്യമാണ് വെളിപ്പെടുത്തുന്നത്.

**ഇസ്‌ലാമിനെ നേരിട്ട് ആക്രമിക്കുന്നതിനു പകരം, സാമൂഹിക മാറ്റത്തിന്റെ രാസത്വരകവും സാമൂഹിക വിമർശനത്തിന്റെ സാമഗ്രിയുമായ ഇസ്‌ലാമിന്റെ സാമൂഹിക ഉള്ളടക്കത്തെയും ജ്ഞാന പദ്ധതികളെയും തെളിമയോടെ അവതരിപ്പിച്ച മൗദൂദിയെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും വേട്ടയാടുക എന്ന തന്ത്രമാണ് ആധുനികതയുടെ ഭക്തന്മാർ സ്വീകരിച്ചത്. സക്രിയമായ സാമൂഹിക ഇടപെടലുകളിലൂടെയും സേവന പ്രവർത്തനങ്ങളിലൂടെയും ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പോഷകസംഘടനകളും മതജാതിഭേദമന്യേ സമൂഹത്തിൽ ആർജിച്ചെടുത്ത അംഗീകാരം ഈ വിഭാഗത്തെ ഒരുതരം മനോവിഭ്രാന്തിക്കടിപ്പെടുത്തിയിരിക്കുകയാണ്. ഈ മനോവിഭ്രാന്തി ഉന്മാദമായി തീർന്നതിന്റെ ലക്ഷണമാണ് മലയാളത്തിലെ പൊതുഭാഷാപത്രങ്ങളിൽ ഇടക്കിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന മൗദൂദി വേട്ടകൾ.**

ജമാഅത്തിനു നേരെ അജയൻ ഉന്നയിക്കുന്ന ഗുരുതരമായ മറ്റൊരാരോപണം ജമാഅത്തെ ഇസ്‌ലാമി ആയുധ പരിശീലനത്തിനായി യുവാക്കളെ പാകിസ്താനിലേക്ക് റിക്രൂട്ട് ചെയ്യുന്നു എന്നാണ്. അത്യന്തം നീചമായ ഈ ആരോപണവും ഏതോ മുസ്‌ലിം സംഘടനയുടെ വായിൽ തന്നെയാണ് അജയൻ തിരുകിക്കയറ്റുന്നത്. നിയമനടപടികൾ സ്വീകരിക്കാൻ മാത്രം ഗുരുതരമായ ഈ ആരോപണം ഏതു മുസ്‌ലിം സംഘടനയാണ് ഉന്നയിച്ചതെന്ന് തെളിച്ചുപറയാൻ ലേഖകനു ബാധ്യതയുണ്ട്. സംഘടനാപക്ഷപാതിത്വത്തിന്റെ പേരിൽ എത്രതന്നെ വിദ്വേഷമുണ്ടായാലും ഇത്തരമൊരു നെറികെട്ട ആരോപണം ഏതെങ്കിലും മുസ്‌ലിം സംഘടന ഉന്നയിക്കുമെന്ന് കരുതാൻ ന്യായങ്ങളില്ല. ലാഹോറിലെ സയ്യിദ് മൗദൂദി ഇന്റർനാഷണൽ ഇസ്‌ലാമിക് എജുക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറവിൽ നടക്കുന്ന ഭീകര പരിശീലന കേന്ദ്രത്തിലേക്ക് റിക്രൂട്ട് ചെയ്യുന്ന പരസ്യം *പ്രബോധനം* നൽകി എന്ന നട്ടാൽ കുരുക്കാത്ത നുണയാണ് ലേഖകൻ ജമാഅത്തിന്റെ ഭീകരബന്ധത്തിന് തെളിവായി തട്ടിവിടുന്നത്. ലാഹോറിലെ മൗദൂദി

ഇൻസ്റ്റിറ്റ്യൂട്ടിന്റെ യാതൊരു പരസ്യവും ഇന്നേവരെ *പ്രബോധനം* നൽകിയിട്ടില്ല. ഇസ്‌ലാമിക വിഷയങ്ങളെക്കുറിച്ചും മൗദൂദിയുടെ വൈജ്ഞാനിക സേവനങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്ന ഒരു സ്ഥാപനമാണ് ലാഹോറിലെ മൗദൂദി ഇൻസ്റ്റിറ്റ്യൂട്ട്. അത്തരം ഒരു സ്ഥാപനത്തെ ഭീകരപരിശീലന കേന്ദ്രമാണെന്ന് പച്ചക്കളവ് പറയാൻ ധൈര്യമുണ്ടാകുന്നത്, ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ എന്തുപറഞ്ഞാലും വിശ്വസിക്കത്തക്ക വിധം പാകപ്പെടുത്തപ്പെട്ട പൊതുബോധത്തെക്കുറിച്ച അമിതമായ ആത്മവിശ്വാസം കൊണ്ടായിരിക്കാനേ തരമുള്ളൂ. തന്റെ സംഘടനക്കുള്ളിലും സ്വാധീന വൃത്തങ്ങളിലും തീവ്രവാദചിന്തകളോടും വിധ്വംസക പ്രവർത്തനങ്ങളോടുമുള്ള താൽപര്യം വളർന്നുവരാതിരിക്കാൻ അതീവ ജാഗ്രത പുലർത്തിയ ഇസ്‌ലാമിക ചിന്തകനാണ് സയ്യിദ് മൗദൂദി. സാമൂഹികമാറ്റത്തിന് നിയമാനുസൃതവും ജനാധിപത്യപരവുമായ മാർഗങ്ങളല്ലാതെ സായുധ മാർഗമോ, അട്ടിമറി പ്രവർത്തനമോ പാടില്ലെന്നത് ഒരു സിദ്ധാന്ത വാശിയെന്നോണം അദ്ദേഹം അണികളെ ചൊല്ലിപ്പഠിപ്പിച്ചിട്ടുണ്ട്. വിപ്ലവത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച ഈ കൃത്യത ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മൗദൂദിയുടെ മൗലിക സംഭാവനകളിലൊന്നാണ്. സായുധ വിപ്ലവത്തിലൂടെ അധികാരത്തിൽ വരുന്ന ഒരു ഭരണകൂടത്തിന് അത് സ്ഥാപിക്കാൻ മാത്രമല്ല, നിലനിർത്താനും ധാരാളം രക്തമൊഴുക്കേണ്ടിവരുമെന്നും ഒടുവിൽ വിപ്ലവം അതിന്റെ സന്താനങ്ങളെത്തന്നെ കൊന്നുതിന്നുന്ന അവസ്ഥ സംജാതമാകുമെന്നുമുള്ള നിരീക്ഷണത്തോടെയാണ് സാമൂഹിക മാറ്റത്തിനുള്ള സായുധ നീക്കങ്ങളെ മൗദൂദി നിരാകരിച്ചത്. വിപ്ലവത്തിനോ പ്രതിരോധത്തിനോ വേണ്ടി രൂപീകരിക്കപ്പെടുന്ന പ്രസ്ഥാനത്തിന് നിഗൂഢമായി മാത്രമേ പ്രവർത്തിക്കാനാവൂ. അതിനാൽ അത്തരം സംഘടനകളിൽ ആദ്യമായി ബലിയർപ്പിക്കപ്പെടുന്നത് സ്വതന്ത്രമായ അഭിപ്രായ പ്രകടനമെന്ന മനുഷ്യന്റെ മൗലികാവകാശമായിരിക്കുമെന്നും മൗദൂദി ചൂണ്ടിക്കാട്ടി. ശരീഅത്തിനോടും സ്ത്രീയുടെ പദവിയോടുമുള്ള മൗദൂദിയുടെ നിലപാട് പ്രതിലോമപരമാണെന്ന് ആരോപിച്ചിട്ടുള്ള മൗദൂദിയുടെ ഉത്തരാധുനിക വിമർശകരിലൊരാളായ സിയാഉദ്ദീൻ സർദാർ പോലും തന്റെ 'Desperately Seeking Paradise' എന്ന കൃതിയിൽ വിപ്ലവത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച മൗദൂദിയുടെ നിലപാടിനെ മുക്തകണ്ഠം പ്രശംസിക്കുകയാണ് ചെയ്തിട്ടുള്ളത്. ഭരണകൂടത്തിന്റെ അടിച്ചമർത്തൽ അസഹ്യമായപ്പോൾ മുസ്‌ലിം ബ്രദർഹുഡ് അടക്കമുള്ള പ്രസ്ഥാനങ്ങളിൽ നിന്നൊരു വിഭാഗം തീവ്രവാദ ലൈനിലേക്ക് തിരിഞ്ഞിട്ടും മൗദൂദി ദീർഘകാലം നേതൃത്വം നൽകിയ പാക് ജമാഅത്തെ ഇസ്‌ലാമിയിൽ നിന്ന് ഒരു ഘട്ടത്തിലും തീവ്രവാദ ചിന്തകളോ, തീവ്രവാദ പ്രസ്ഥാനങ്ങളോ ഉണ്ടായില്ലെന്നത് മൗദൂദിയുടെ ശിക്ഷണഫലമല്ലാതെ മറ്റൊന്നുമല്ല. വിഭജനാനന്തരം കശ്മീരിലേക്ക് പാകിസ്താനിൽ നിന്ന് നുഴഞ്ഞുകയറ്റമുണ്ടായപ്പോൾ അതിനെതിരെപ്പോലും പ്രതിഷേധിക്കാൻ മൗദൂദി ധീരതകാട്ടി. അതിന്റെ പേരിൽ പാക് ഗവൺമെന്റ് അദ്ദേഹത്തെ ജയിലിലടക്കുകപോലുമുണ്ടായി. നുഴഞ്ഞു കയറ്റത്തിലൂടെയുള്ള അപ്രഖ്യാപിത യുദ്ധം ഇസ്‌ലാം വിരുദ്ധമാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

മതേതരത്വം, ദേശീയത്വം, ജനാധിപത്യം എന്നീ ആശയങ്ങളോടുള്ള മൗദൂദിയുടെ താത്ത്വിക നിലപാടും പതിവുപോലെ ജമാഅത്തിനെ കടന്നാക്രമിക്കാൻ ലേഖകൻ ഉപയോഗിച്ചിട്ടുണ്ട്. തീർച്ചയായും കൊളോണിയൽ ആധുനികതയുടെ ഉൽപന്നങ്ങളായ ഈ മൂന്ന് ആശയങ്ങളെയും മൗദൂദി പ്രശ്നവത്കരിച്ചിട്ടുണ്ട്. എന്നാൽ പിൽകാലത്ത് ഇന്ത്യയിൽ ഈ മൂന്ന് ആശയങ്ങൾക്കും കൈവന്ന ഗുണപരമായ വികാസത്തെയല്ല മൗദൂദി വിമർശനവിധേയമാക്കിയത്. മറിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ അവയെ രൂപപ്പെടുത്തിയ അടിത്തറകളെയും കൊളോണിയലിസത്തിന്റെ ഉപകരണങ്ങൾ എന്ന നിലയിൽ അത് മുസ്‌ലിം രാജ്യങ്ങളിൽ സൃഷ്ടിച്ച ഗുരുതരമായ പ്രത്യാഘാതങ്ങളുമാണ്. ജനാധിപത്യം സ്വന്തം നിലക്ക് ആകർഷകവും അഭിപ്രായസ്വാതന്ത്ര്യം എന്ന മനുഷ്യന്റെ മൗലികാവകാശത്തെ പരിരക്ഷിക്കുന്നതുമാണ്. എങ്കിലും ഏതെങ്കിലും മൂല്യാടിത്തറയിലല്ലാതെ അതിന് പ്രവർത്തിക്കാനാവില്ല. മൂല്യങ്ങളെ സാമൂഹിക ജീവിതത്തിൽ നിന്ന് ബലാൽക്കാരം ചവിട്ടിപ്പുറത്താക്കിയ ആധുനികത ജനാധിപത്യത്തിന്റെ മൂല്യമണ്ഡലമായി പകരം വെച്ചത് ലിബറലിസമാണ്. എല്ലാ മൂല്യങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം എന്ന ലിബറൽ ആശയമാണ് പാശ്ചാത്യ പരികൽപനയിൽ മതേതരത്വം കൊണ്ടർഥമാക്കുന്നത്. അതിനാൽ മൂല്യനിരപേക്ഷമായ പാശ്ചാത്യ ജനാധിപത്യം സാമ്പത്തികരംഗത്ത് മുതലാളിത്തമായും രാ

**മൗദൂദി ദീർഘകാലം നേതൃത്വം നൽകിയ പാക് ജമാഅത്തെ ഇസ്‌ലാമിയിൽ നിന്ന് ഒരു ഘട്ടത്തിലും തീവ്രവാദ ചിന്തകളോ, തീവ്രവാദ പ്രസ്ഥാനങ്ങളോ ഉണ്ടായില്ലെന്നത് മൗദൂദിയുടെ ശിക്ഷണഫലമല്ലാതെ മറ്റൊന്നുമല്ല. വിഭജനാനന്തരം കശ്മീരിലേക്ക് പാകിസ്താനിൽ നിന്ന് നുഴഞ്ഞുകയറ്റമുണ്ടായപ്പോൾ അതിനെതിരെപ്പോലും പ്രതിഷേധിക്കാൻ മൗദൂദി ധീരതകാട്ടി. അതിന്റെ പേരിൽ പാക് ഗവൺമെന്റ് അദ്ദേഹത്തെ ജയിലിലടക്കുകപോലുമുണ്ടായി.**

ഷ്ട്രീയ രംഗത്ത് മുതലാളിത്ത താൽപര്യങ്ങളെ സംരക്ഷിക്കുന്ന പ്രഭുവർഗാധിപത്യവുമായിട്ടാണ് ഫലത്തിൽ അനുഭവപ്പെട്ടത്. കാരണം യാതൊരു മൂല്യങ്ങളുടെയും നിയന്ത്രണമില്ലാത്ത പരമമായ സ്വാതന്ത്ര്യം സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ കൈയൂക്കുള്ളവന്റെ താൽപര്യം മാത്രമേ സംരക്ഷിക്കുകയുള്ളൂ. അതിനാൽ മൗദൂദി വിമർശനവിധേയമാക്കിയത് കേവല ജനാധിപത്യത്തെയല്ല, മറിച്ച് കൈയൂക്കുള്ളവന്റെ താൽപര്യം മാത്രം സംരക്ഷിക്കുന്ന മുതലാളിത്ത ലിബറൽ ജനാധിപത്യത്തെയാണ്.

മനുഷ്യൻ എത്രതന്നെ സ്വാതന്ത്ര്യം ആഗ്രഹിച്ചാലും ഏതെങ്കിലുമൊരു കൂട്ടായ്മയിലൂടെയല്ലാതെ സാമൂഹിക രംഗത്ത് ഒന്നും നേടാനാവില്ല. വ്യക്തിപരമായ താൽപര്യ സംരക്ഷണത്തിനുപോലും കൂട്ടായ്മ കൂടിയേ തീരൂ. മതം ശക്തമായ ഒരു കൂട്ടായ്മയായിരുന്നുവെങ്കിലും ആധുനികത ഇതിനെ സ്വകാര്യ അജണ്ടയായി പരിമിതപ്പെടുത്തിയതിനാൽ യൂറോപ്പിന് മറ്റൊരു കൂട്ടായ്മ ആവശ്യമായിവന്നു. അങ്ങനെയാണ് ദേശീയത എന്ന പുതിയൊരു കൂട്ടായ്മാബോധത്തിലേക്ക് യൂറോപ്പ് നയിക്കപ്പെടുന്നത്. ഫ്യൂഡലിസത്തിന്റെ ഇടുങ്ങിയ ലോകബോധത്തെക്കാൾ കുറേക്കൂടി വിശാലമായ ഒരു ലോക ബോധത്തിലേക്ക് ദേശീയത യൂറോപ്പിനെ നയിച്ചുവെങ്കിലും അതിന്റെയും മൂല്യമണ്ഡലം ലിബറലിസമായതിനാൽ രാജ്യതാൽപര്യം എന്ന സങ്കുചിതമായ പുതിയ ഒരു മൂല്യത്തെ സൃഷ്ടിക്കുകയാണ് ദേശീയത ചെയ്തത്. അകത്തും പുറത്തും ചെറുത്തുതോൽപിക്കേണ്ട ഒരു അപര(other)ത്തെ സൃഷ്ടിച്ചുകൊണ്ടു മാത്രമേ ദേശീയതക്ക് പ്രവർത്തിക്കാനാവൂ. എന്റെ രാജ്യം ശരി, മറ്റുള്ളത് തെറ്റ്, രാജ്യതാൽപര്യം സംരക്ഷിക്കാൻ എന്തു നെറികേടുമാകാം- ഇത

ത്രെ ദേശീയത സൃഷ്ടിച്ച പുതിയ മൂല്യബോധം. രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ആരുടെ മണ്ണും കീഴ്പ്പെടുത്താം എന്ന കൊളോണിയൽ നീതിശാസ്ത്രം ഈ മൂല്യബോധത്തിൽ നിന്ന് വികസിച്ചതാണ്. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളെ നൂറ്റാണ്ടുകളോളം ചൂഷണം ചെയ്ത കൊളോണിയലിസം, സാമ്രാജ്യത്വത്തിന്റെ തന്നെ മറ്റൊരു ഭീകരരൂപമായ ഫാഷിസം കോടിക്കണക്കിന് മനുഷ്യരെ കുരുതി കൊടുത്ത രണ്ട് ലോക യുദ്ധങ്ങൾ തുടങ്ങിയവയെല്ലാം ദേശീയത സൃഷ്ടിച്ച ദുരന്തമത്രെ.

കൊളോണിയലിസത്തോടൊപ്പം മുസ്‌ലിം രാജ്യങ്ങളിലേക്ക് കടന്നുവന്ന ദേശീയതയും മതേതരത്വവും മുസ്‌ലിം രാജ്യങ്ങളെ രാഷ്ട്രീയമായി ശിഥിലീകരിക്കുകയും സാംസ്കാരികമായി തകർക്കുകയുമാണ് ചെയ്തത്. അറബ് ദേശീയതയുടെയും തുർക്കി ദേശീയതയുടെയും പേരിൽ മുസ്‌ലിംകൾ ചേരിതിരിഞ്ഞ് പോരടിച്ചതിന്റെ ഫലമായിരുന്നല്ലോ ഖിലാഫത്തിന്റെ തകർച്ച. ഖിലാഫത്തിന്റെ തകർച്ചക്കുശേഷം ഇറാനിലും തുർക്കിയിലും അഫ്ഗാനിസ്താനിലും ഉയർന്നുവന്ന പുതിയ ഭരണാധികാരികൾ നടപ്പാക്കിയ അക്രമാസക്തമായ മതേതരത്വത്തിൽ കൊളോണിയൽ ഭരണാധികാരികൾ വരെ കൈവെക്കാൻ ധൈര്യപ്പെടാതിരുന്ന ഇസ്‌ലാമിലെ സിവിൽ നിയമംപോലും ഗളച്ഛേദം ചെയ്യപ്പെട്ടു

ഭീകരമായ ആധുനികതയുടെ ഈ ചരിത്രാനുഭവങ്ങളെയാണ് മൗദൂദി തന്റെ *മതേതരത്വം, ജനാധിപത്യം, ദേശീയത്വം* എന്ന കൃതിയിൽ പ്രശ്നവത്കരിച്ചത്. 1947 മെയ് മാസത്തിൽ പഞ്ചാബിലെ പഠാൻകോട്ടിൽ നടന്ന ജമാഅത്ത് സമ്മേളനത്തിൽ നടത്തിയ പ്രഭാഷണമാണ് ഈ ഗ്രന്ഥം. ആ പ്രസംഗത്തിന്റെ ഈ ചരിത്ര പശ്ചാത്തലം മനസ്സിലാക്കുന്നതും പ്രഭാഷണത്തിന്റെ പൊരുൾ ഗ്രഹിക്കാൻ സഹായകമാണ്. ഇന്ത്യാവിഭജനം ഉറപ്പായ ഘട്ടത്തിൽ പാകിസ്താന്റെ ഭാഗമാകാൻ പോകുന്ന പ്രവിശ്യകളിലെ പ്രവർത്തകരെയാണ് ഈ പ്രസംഗം അഭിസംബോധന ചെയ്യുന്നത്. വിഭജനാനന്തരം രൂപീകരിക്കപ്പെടാൻ പോകുന്ന പാകിസ്താൻ ഭരണകൂടത്തിന്റെ അടിത്തറ ഒരിക്കലും വിപ്ലവാനന്തര തുർക്കിയിലെയും ഇറാനിലെയും പോലെ അക്രമാസക്തമായ മതേതര ദേശീയതയോ, മുതലാളിത്ത ജനാധിപത്യമോ ആകാൻ പാടില്ലെന്ന് പാകിസ്താന്റെ ഭാവി ഭരണാധികാരികളെയും അക്കാര്യത്തിൽ ജാഗ്രത പുലർത്താൻ പാകിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരെയും ഉദ്ബോധിപ്പിക്കുന്നതായിരുന്നു പ്രസ്തുത പ്രസംഗം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, പിൽക്കാലത്ത് ഇന്ത്യയുടെ സംസ്കാരിക പശ്ചാത്തലത്തിൽ വികസിച്ചുവന്ന മതേതര ജനാധിപത്യത്തിനും ദേശീയതക്കും പ്രസ്തുത വിശകലനം ബാധകമേയല്ല. അതുകൊണ്ടാണ് പഠാൻകോട്ടിലെ പ്രസ്തുത പ്രസംഗത്തിന് ഏതാനും ദിവസം മുമ്പ് മദ്രാസിൽ ചേർന്ന ജമാഅത്ത് സമ്മേളനത്തിൽ ഇന്ത്യൻ യൂണിയന്റെ ഭാഗമായി മാറാൻ പോകുന്ന പ്രവർത്തകരോട് മൗദൂദിചെയ്ത പ്രസംഗത്തിൽ പഠാൻകോട്ട് പ്രസംഗത്തിലെ വിഷയം പരാമർശിക്കുകപോലും ചെയ്യാതിരുന്നത്. അവിടെ സാമുദായിക സൗഹാർദം നിലനിർത്താനും വർഗീയ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും ഇസ്‌ലാമിന്റെ മാനവിക മൂല്യങ്ങൾ ഇന്ത്യൻ സമൂഹത്തിൽ പ്രബോധനം ചെയ്യാനുമാണ് പ്രവർത്തകരെ അദ്ദേഹം ഉദ്ബോധിപ്പിച്ചത്. പ്രസ്തുത പ്രസംഗത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിന്റെ നയനിലപാടുകൾ രൂപപ്പെടുത്തിയത്. വിഭജനാനന്തരം പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ നയനിലപാടുകൾക്കടിത്തറയായി മാറിയ പഠാൻകോട്ട് പ്രസംഗം ഒരു ഘട്ടത്തിലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നയനിലപാടുകളെ സ്വാധീനിച്ചിട്ടില്ല. വിഭജനാനന്തരം ഇന്ത്യയിൽ വികസിച്ചുവന്ന മതേതര ജനാധിപത്യത്തെയും ദേശീയതയെയും ജമാഅത്ത് അംഗീകരിക്കുക മാത്രമല്ല; അതു വെല്ലുവിളിക്കപ്പെട്ട നിർണായക സന്ദർഭങ്ങളിലെല്ലാം അതിന്റെ സംരക്ഷണത്തിന് മുന്നിട്ടിറങ്ങുകയും ചെയ്തിട്ടുണ്ട്. അടിയന്തരാവസ്ഥയിലും ബാബരി പതനശേഷവും ജമാഅത്ത് നടത്തിയ സക്രിയമായ രാഷ്ട്രീയ ഇടപെടലുകൾ അവയുടെ സംരക്ഷണത്തിനുവേണ്ടിയായിരുന്നുവെന്നത് ജമാഅത്തെ ഇസ്‌ലാമിയെ പഠിച്ചിട്ടുള്ളവരെല്ലാം അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. അതേ സമയം കൊളോണിയൽ ആധുനികതയെ ഇസ്‌ലാമികാടിത്തറയിൽ പ്രശ്നവത്കരിക്കുന്ന ശക്തമായ പഠനമെന്ന നിലയിൽ മൗദൂദിയുടെ ആധുനികതാ വിമർശനങ്ങളെ വൈജ്ഞാനികമായി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആധുനികതയുടെ ഒട്ടേറെ ആശയങ്ങളും അതിന്റെ രാഷ്ട്രീയ സാംസ്കാരിക പദ്ധതികളും ശക്തമായി വിചാരണ ചെയ്യപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന പുതിയ കാലത്ത് ആ പഠനങ്ങൾക്ക് കൂടുതൽ പ്രസക്തി കൈവരികയും ചെയ്തിട്ടുണ്ട്. പുതിയ കാലത്തെ മനസ്സിലാക്കാനാകാതെ ആധുനികതയിൽ സ്തംഭിച്ചുപോയവർക്ക് അത് മനസ്സിലാവില്ലെന്നു മാത്രം.

അവസാനം ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. തന്റെ വൈജ്ഞാനിക പഠനങ്ങളെ പാർട്ടിനിലപാടുകളായി കരുതരുതെന്നും വൈജ്ഞാനിക വിഷയങ്ങളിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ നടത്തുമ്പോൾ, തന്നെയോ പാർട്ടിയിലെ മറ്റ് പണ്ഡിതന്മാരെയോ പാർട്ടി തടയരുതെന്നും രൂപീകരണയോഗത്തിൽ തന്നെ മൗദൂദി വെട്ടിത്തുറന്നു പ്രഖ്യാപിച്ചിട്ടുള്ളതാണ്. *കേരളശബ്ദം* ലേഖകൻ വിമർശനവിധേയമാക്കിയ ഈസാ നബിയുടെ പുനരാഗമനം സംബന്ധിച്ച മൗദൂദിയുടെ പഠനവും ആധുനികതാ വിമർശനങ്ങളുമെല്ലാം മൗദൂദിയുടെ വൈജ്ഞാനിക പഠനങ്ങൾ മാത്രമാണ്. സംഘടന പാർട്ടി നേതാവിന്റെയോ പാർട്ടി നേതാവ് സംഘടനയുടെയോ തടവിലായിക്കൂടെന്ന, മതമണ്ഡലത്തിന് തീർത്തും അപരിചിതമായ ഒരു പ്രവർത്തന സംസ്കാരം അണികളെ പഠിപ്പിച്ചതിനുശേഷമാണ് മൗദൂദി വിടപറഞ്ഞത്. അതിനാൽ താൻ ജീവിച്ച കാലഘട്ടത്തെ മുമ്പിൽ വെച്ച് അദ്ദേഹം നടത്തിയ വിശകലനങ്ങളിലും നിലപാടുകളിലും സ്തംഭിച്ചു നിൽക്കാതെ കാലത്തിനനുസരിച്ച് അതിനെ തിരുത്തിയും പുനർവായിച്ചും മുന്നോട്ടുപോകാൻ ജമാഅത്തെ ഇസ്‌ലാമിക്ക് ഇന്ത്യയിലും, പാകിസ്താനിലും സാധിച്ചിട്ടുണ്ടെന്ന വസ്തുത മൗദൂദി വിമർശകരെ ഓർമപ്പെടുത്തുകയാണ്. ■

തന്റെ സംഘടനക്കുള്ളിലും സ്വാധീനവൃത്തങ്ങളിലും തീവ്രവാദചിന്തകളോടും വിധ്വംസക പ്രവർത്തനങ്ങളോടുമുള്ള താൽപര്യം വളർന്നുവരാതിരിക്കാൻ അതീവ ജാഗ്രത പുലർത്തിയ ഇസ്‌ലാമിക ചിന്തകനാണ് സയ്യിദ് മൗദൂദി. സാമൂഹികമാറ്റത്തിന് നിയമാനുസൃതവും ജനാധിപത്യപരവുമായ മാർഗങ്ങളല്ലാതെ സായുധ മാർഗമോ, അട്ടിമറി പ്രവർത്തനമോ പാടില്ലെന്നത് ഒരു സിദ്ധാന്ത വാശിയെന്നോണം അദ്ദേഹം അണികളെ ചൊല്ലിപ്പഠിപ്പിച്ചിട്ടുണ്ട്. വിപ്ലവത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച ഈ കൃത്യത ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മൗദൂദിയുടെ മൗലിക സംഭാവനകളിലൊന്നാണ്.